ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/239/2026-EA2 (EA)** തീയതി: **07-01-2026**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനകാലത്ത് പാലിക്കേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നം.പി1/4/2026/ഉ.വി.വ തീയതി:07.01.2026.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2026 ജനുവരി 20 മുതൽ മാർച്ച് 26 വരെ നിശ്ചയിച്ചിരിക്കുന്ന വിവരം സൂചന കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. സമ്മേളന ദിവസങ്ങളിൽ സഭാചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ (നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾക്ക് വിശദീകരണ കുറിപ്പ് സഹിതം) സമയബന്ധമായി ലഭ്യമാക്കേണ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം സ്ഥാപന മേധാവികൾ ഉറപ്പാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ മുൻകൂർ അനുമതിയോടെ അവധിയിൽ പ്രവേശിച്ചാൽ ഉടൻ ഇതിലേക്ക് പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അപൂർണ്ണവും, അവ്യക്തവും, തെറ്റായതുമായ വിവരങ്ങൾക്കും, മറുപടി നൽകുന്നതിനുള്ള കാലതാമസത്തിനും സ്ഥാപന മേധാവിയും, ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും, ക്ലാർക്കും ഉത്തരവാദിയായിരിക്കുന്നതാണ്. സ്ഥാപന മേധാവികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി വിവരങ്ങൾ തയ്യാറാക്കി അയക്കുമ്പോൾ, വിഷയമായി ചോദ്യ നമ്പർ ഉൾപ്പെടുത്തി eadtekerala@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.(മറുപടിയുടെ ഹാർഡ് കോപ്പി ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല)

Signed by
Jayaprakash P
Date: 08-01-2026 17:13:36
**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി